LIBRARY ARCHIVES Kerala Legislative Assembly

താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത്

41(730) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ;

(സി) താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്ന നടപടി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കി വരുന്നു.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

നെന്മാറ ആശുപത്രികളിലെ തസ്തികകൾ

42 (731) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വിശദമാക്കുമോ;